**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാലയാട് തുരുത്തിപ്പാലം പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം വഴി നടപ്പിലാക്കുന്ന പാലയാട് തുരുത്തിപ്പാലം പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട്ട് തുരുത്തിലേക്കുള്ള പാലത്തിന്റെ നിർമ്മാണത്തിനായി ശ്രീ. സനഹൽ മഹ്സൂക്ക് S/o സി.എച്ച്. അബ്ദുള്ള, ചെർക്കല, ചെങ്ങള, കാസർഗോഡ് എന്ന വ്യക്തിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ ബോക്സ് കൾവെർട്ടിനുള്ള പൈലിംഗ് പ്രവൃത്തി ആരംഭിച്ചപ്പോൾ സെറ്റിൽമെന്റ് അധികമായതിനാൽ ബഹു. കുറ്റ്യാടി എം.എൽ.എ യെ ടി വിവരം അറിയിക്കുകയും ബഹു. എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ യോഗം ചേരുകയും ഒരു ഗവൺമെന്റ് ഏജൻസിയെക്കൊണ്ട് സോയിൽ ടെസ്റ്റ് വീണ്ടും നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. കോഴിക്കോട് ഗവൺമെന്റ് കോളേജ് സോയിൽ ടെസ്റ്റ് നടത്തുകയും ടി റിപ്പോർട്ടിൽ സൈറ്റിൽ ബോക്സ് കൾവെർട്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുവാൻ സാധിക്കുകയില്ലെന്നും, RCC T Beam, 24 മീറ്റർ ആഴമുള്ള പൈൽ ഫൗണ്ടേഷൻ എന്നിവ ഉപയോഗിച്ച് മാത്രമേ പാലം നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. ടി ടെസ്റ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം RCC T Beam, 24 മീറ്റർ ആഴമുള്ള പൈൽ ഫൗണ്ടേഷൻ എന്നിവ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏകദേശം 4.30 കോടി രൂപയെങ്കിലും ചെലവ് വരുന്നതിനാൽ വീണ്ടും ബഹു. കുറ്റ്യാടി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 19/05/2023 തീയതിയിൽ പാലയാട്ട് വില്ലേജ് ഓഫീസിൽ വച്ച് മീറ്റിംഗ് കൂടുകയും നിലവിലെ ഭരണാനുമതി തുകയ്ക്കുള്ളിൽ ബോക്സ് കൾവർട്ടുകൾ ഒഴിവാക്കി ചെറുതോണികൾക്ക് കടന്നു പോകുന്നതിനായി സ്റ്റീൽ ഗർഡറുകൾ ഉപയോഗിച്ച് ഒരു താൽക്കാലിക പാലം നിർമ്മിക്കുന്നതിനും 140 മീറ്റർ റോഡു പ്രവൃത്തിയിൽ ആദ്യ 55 മീറ്റർ കോൺക്രീറ്റ് റോഡും ബാക്കി ഇന്റർലോക്കും |

| | | | |
|---|---|---|---|
| | | | റോഡിന്റെ ഇരുവശങ്ങളിലും സൈഡ് പിച്ചിംഗ് എന്നിവ ഉൾപ്പെടുത്തി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ കരാറുകാരൻ പ്രവൃത്തി ചെയ്യുന്നതിന് രേഖാമൂലം വിസമ്മതം അറിയിച്ചതിനാൽ ടിയാനെ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ചെയ്തിരുന്നു. 21/02/2024 ഓപ്പണിംഗ് തീയതിയായി ഇ-ടെണ്ടർ ചെയ്യുകയും ആരും പങ്കെടുക്കാത്തതിനാൽ ഓപ്പണിംഗ് തീയതി 26/02/2024 ആയി ടെണ്ടർ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത ടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ഇ-ടെണ്ടർ ക്യാൻസൽ ചെയ്ത് ഓപ്പണിംഗ് തീയതി 11/03/2024 ആയി റീ-ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രസ്തുത ടെണ്ടറിലും ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് 25/03/2024 ഓപ്പണിംഗ് തീയതിയായി റീ-ടെണ്ടർ ചെയ്തെങ്കിലും പ്രസ്തുത ടെണ്ടറിലും ആരും പങ്കെടുത്തില്ല. തുടർന്ന് ലോകസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം പ്രഖ്യാപിച്ചതിനാൽ ടെണ്ടർ നടപടികൾ നിർത്തിവച്ചിരുന്നു. പെരുമാറ്റച്ചട്ടം 06/06/2024-ന് പിൻവലിച്ചതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ബി) | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റടുക്കുന്നതു മുതൽ 8 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ